# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.352

## 12-11-2019 ൽ മറുപടിക്ക്

## കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

| ചോദ്യം<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ പാക്കേജുകളുടെ നടത്തിപ്പിനായി കിഫ്ബി ഏർപ്പെട്ട ത്രികക്ഷി കരാറിലെ നിബന്ധനകൾക്ക് വിപരീതമായി എസ്റ്റിമേറ്റ് തുകയുടെ അൻപതു മുതൽ അറുപതു ശതമാനം അധിക തുകയ്ക്ക് സ്വകാര്യ കമ്പനികൾക്ക് കോലത്തുനാട്, കോട്ടയം ലൈൻസ് കരാറുകൾ നൽകിയത് കിഫ്ബി അംഗീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ; | കിഫ്ബി പദ്ധതികൾക്കായി ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാർ പ്രകാരം കെ.എസ്.ഇ.ബി. എൽ കിഫ്ബി അംഗീകരിച്ച പ്രവൃത്തികൾക്ക് കേരള സർക്കാർ/ കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് സുതാര്യമായ മത്സരാധിഷ്ഠിതമായ ടെൻഡർ നടപടിക്രമങ്ങളിലൂടെ കരാറുകാരെ തെരെഞ്ഞെടുക്കേണ്ടതാണ്. 24.02.2018 ലെ സ.ഉ.(കൈ) നം. 69/2018/ധന പ്രകാരം ഇറക്കിയിട്ടുള്ള കിഫ്ബി മാനദണ്ഡങ്ങളിലെ ഖണ്ഡിക 7.2.1 പ്രകാരം ടെൻഡർ അംഗീകരിക്കേണ്ട ചുമതല കെ.എസ്.ഇ.ബി യിൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ കിഫ്ബി മാനദണ്ഡം 7.2 പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണ ഏജൻസികൾ അംഗീകരിച്ച കരാർ തുക കിഫ്ബിയും അംഗീകരിക്കുന്നു. |
| (ബി) നിയമപരമായി ഉണ്ടാക്കിയിട്ടുള്ള ഈ ത്രികക്ഷി കരാർ പാലിക്കാനുള്ള കടമ കിഫ്ബിക്കുണ്ടോ; | ധനകാര്യ (ഇൻഫ്രാ) വകുപ്പ് 22.06.2017 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് G.O (Ms) No. 306/2017/Fin പ്രകാരം, കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക്, പദ്ധതി നിർവഹണ ഏജൻസിയും (SPV), ഭരണ വകുപ്പും, കിഫ്ബിയും സംയുക്തമായി ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതുണ്ട് |

| | |
|---|---|
| (സി) പ്രസ്തുത ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികളിൽ ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം എന്തൊക്കെ കടമകളാണ് കിഫ്ബിയിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ നിർവഹണ ഏജൻസി ആയ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും, ഭരണ വകുപ്പായ ഊർജ്ജ വകുപ്പും കിഫ്ബിയും ചേർന്ന് 17.07.2017 ൽ, ത്രികക്ഷി കരാറിൽ (നമ്പർ: 05/17) ഒപ്പ് വെച്ചിട്ടുണ്ട്. നിയമപരമായി ഉണ്ടാക്കിയിട്ടുള്ള ഈ ത്രികക്ഷി കരാർ പാലിക്കാനുള്ള കടമ മൂന്ന് ഏജൻസികളിലും ഒരു പോലെ നിക്ഷിപ്തമാണ്. ടി കരാറിലെ വ്യവസ്ഥകൾ പ്രകാരം കിഫ്ബിയിൽ നിക്ഷിപ്തമായിരിക്കുന്ന കടമകൾ ചുവടെ ചേർക്കുന്നു.<br><br>1.ത്രികക്ഷി കരാറിന്റെ ,ഷെഡ്യൂൾ രണ്ടിൽ പ്രതിപാദിക്കുന്ന പദ്ധതികൾ ഏതെങ്കിലും വരുമാനദായകമായവ ആണെങ്കിൽ ആയതിന്റെ 40% തുക റിലീസ് ചെയ്യുന്നതിനു മുമ്പായി തിരിച്ചടവ് കരാറിൽ ഒന്നാം കക്ഷിയായ പദ്ധതി നിർവ്വഹണ ഏജൻസിയുമായി ഏർപ്പെടേണ്ടതാണ്.<br>2.ത്രികക്ഷി കരാറിന്റെ 5ാം ഉപവകുപ്പ് പ്രകാരം കോൺട്രാക്ടർമാർ സമർപ്പിക്കുന്ന ബില്ലുകൾ, പദ്ധതി നിർവഹണ ഏജൻസി പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം കിഫ്ബിയുടെ ഓൺലൈൻ സംവിധാനം വഴി കിഫ്ബിയുടെ വിശദമായ പരിശോധനക്കായി സമർപ്പിക്കുന്നു. ആയത് പരിശോധിച്ച് പദ്ധതി നിർവഹണ ഏജൻസിയുടെ അനുമതിയുടെ അടിസ്ഥാനത്തിൽ, കോൺട്രാക്ടർമാരുടെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും ബാങ്ക് അക്കൗണ്ടുകളിലേക്ക് കിഫ്ബി നേരിട്ട് തുക കൈമാറുന്നു.<br>3.ത്രികക്ഷി കരാറിന്റെ 8ാം ഉപവകുപ്പ് പ്രകാരം ഒന്നാം കക്ഷിക്ക് പദ്ധതി നിർവഹണവും പൂർത്തീകരണവുമായി ബന്ധപ്പെട്ട് പദ്ധതി രേഖകൾ സമർപ്പിക്കുന്നതിന് ഉതകുന്നതായ ഓൺ ലൈൻ പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ് വെയറിന്റെ പ്ലാറ്റ്ഫോം ലഭ്യമാക്കേണ്ടത് കിഫ്ബിയുടെ ചുമതലയാണ്.<br>അനുമതി നൽകിയതിൽ കൂടുതൽ തുക അനുവദിക്കേണ്ട അവസരങ്ങളിൽ, ഭരണ വകുപ്പിന്റെ അനുമതിയോടു കൂടി, പദ്ധതി നിർവഹണ ഏജൻസിയുടെ ഭാഗത്തെ വീഴ്ചയല്ല ചെലവ് വർധനയ്ക്ക് കാരണം എന്ന് ഉറപ്പു വരുത്തിയതിനു |

ശേഷം അനുമതി നൽകുന്നതാണ്.

4.പദ്ധതികളുടെ നടത്തിപ്പിന്റെ പൂർണ ഉത്തരവാദിത്തം അതാത് പദ്ധതി നിർവഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. എന്നാൽ, ത്രികക്ഷി കരാറിന്റെ 11ാം ഉപവകുപ്പ് പ്രകാരം പദ്ധതികളുടെ ശരിയായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് വേണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും എല്ലാ തരത്തിലുള്ള രേഖകളും പരിശോധിക്കാൻ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ട് 17 എ വകുപ്പ് പ്രകാരം രൂപീകൃതമായ കിഫ്ബിയുടെ ഇൻസ് പെക്ഷൻ അതോറിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5.ത്രികക്ഷി കരാറിന്റെ 15 ാം ഉപവകുപ്പ് പ്രകാരം പദ്ധതിയുടെ defect liability period കഴിയുന്നത് വരെ പദ്ധതിയുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള അധികാരം കിഫ്ബിയ്ക്കുണ്ടായിരിക്കും.

6.ത്രികക്ഷി കരാറിന്റെ 16 ാം ഉപവകുപ്പ് പ്രകാരം പദ്ധതി നിർവഹണ ഏജൻസിയുടെ ഭാഗത്തു നിന്നുള്ള ക്രമക്കേടുകൾ മുഖാന്തിരം ഉണ്ടാകുന്ന നഷ്ടങ്ങൾ ഏജൻസിയ്ക്ക് അവകാശ പെട്ട സെന്റേജ് തുകയിൽ നിന്നും ഈടാക്കുന്നതാണ്.

7.ത്രികക്ഷി കരാറിന്റെ വ്യവസ്ഥകൾക്ക് എതിരായി അത്തരത്തിൽ ഉള്ള ക്രമക്കേടുകൾ പദ്ധതി നിർവഹണ ഏജൻസി വരുത്തുകയാണെങ്കിൽ പ്രസ്തുത ത്രികക്ഷി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരവും ത്രികക്ഷി കരാറിന്റെ ഉപവകുപ്പ് 17 ബി പ്രകാരം കിഫബിയ്ക്ക് ഉണ്ട്.

**സെക്ഷൻ ഓഫീസർ**